"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. ശ്രീമതി ലിജി ജോൺ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2629/2025/GEDN തീയതി,തിരുവനന്തപുരം, 15-04-2025**

---

പരാമർശം:-
1. തിരുവനന്തപുരം ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. ശ്രീമതി ലിജി ജോൺ സമർപ്പിച്ച 12/08/2024-ലെ റിവിഷൻ ഹർജി.
2. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/10/2024-ലെ B4/1757/2024/DEOTVM നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/10/2024-ലെ ഡിജിഇ/19606/2024/ഇറ്റി4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. ശ്രീമതി ലിജി ജോൺ 12/08/2024 തീയതിയായി സമർപ്പിച്ച ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്തി 08/10/2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം വാദം കേൾക്കുകയുണ്ടായി.

**2)** ഹർജിക്കാരിയുടെ 02/06/2005 മുതൽ 03/08/2005 വരെയും 06/06/2006 മുതൽ 17/10/2006 വരെയുമുള്ള യു.പി.എസ്.റ്റി. നിയമനവും 05/08/2005 മുതൽ 04/10/2005 വരെയും 06/10/2005 മുതൽ 23/12/2005 വരെയുമുള്ള എച്ച്.എസ്.റ്റി. നിയമനവും അംഗീകരിച്ച് നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**3)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഹർജിക്കാരിയെ 02/06/2005 മുതൽ 03/08/2005 വരെ ശ്രീമതി ഗ്രേസ്‌ലറ്റ് ബായിയുടെ അവധി ഒഴിവിൽ യു.പി.എസ്.റ്റി. ആയും തുടർന്ന് 05/08/2005 മുതൽ 04/10/2005 വരെയും 06/10/2005 മുതൽ 23/12/2005 വരെയും ശ്രീമതി ഓമന ചാക്കോയുടെ അവധി ഒഴിവിൽ എച്ച്.എസ്.റ്റി. ആയും 06/06/2006 മുതൽ 17/10/2006 വരെ ശ്രീമതി സുസ്മിത നിസ്സി സുമന്റെ പ്രസവാവധി ഒഴിവിൽ യു.പി.എസ്.റ്റി. ആയും നിയമിച്ചുവെങ്കിലും

സീനിയർ അവകാശികൾക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ കാലതാമസം വന്നതിനാലും വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചുവെന്നും, പിന്നീട് 04/06/2007 മുതൽ അധികതസ്തികയിൽ ടിയാൾക്ക് സ്ഥിരം നിയമനം നൽകിയെന്നും 01/06/2011 മുതൽ യു.പി.എസ്.റ്റി. ആയി നിയമനാംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഹർജിക്കാരിയും മാനേജരും അറിയിക്കുന്നു.

**4)** ശ്രീമതി ഗ്രേസ്‌ലറ്റ് ബായിയുടെ സർവ്വീസ് ബുക്കിൽ ടിയാളുടെ 61 ദിവസത്തെ അർദ്ധവേതനാവധി 02/06/2005 മുതൽ 03/08/2005 വരെ പ്രഥമാദ്ധ്യാപിക അനുവദിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീമതി ഓമന ചാക്കോയുടെ 05/08/2005 മുതൽ 04/10/2005 വരെയുള്ള 72 ദിവസത്തെ ശൂന്യവേതനാവധിയും 06/10/2005 മുതൽ 30/12/2005 വരെയുള്ള 86 ദിവസത്തെ ശൂന്യവേതനാവധിയും പ്രഥമാദ്ധ്യാപിക അനുവദിച്ച് ടിയാളുടെ സർവ്വീസ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, ടി കാലയളവുകളിൽ ഹർജിക്കാരിയെ നിയമിച്ചിട്ടുള്ള ഒഴിവുകൾ വ്യവസ്ഥാപിതമാണെന്നും എന്നാൽ, പ്രൊപ്പോസൽ സമർപ്പിച്ചതിലുള്ള കാലതാമസം മാപ്പാക്കേണ്ടതുണ്ടെന്നും, ഹർജിക്കാരിയുടെ നിയമനം 29/10/2001-ന് ശേഷമുള്ള അവധി ഒഴിവിലെ നിയമനങ്ങൾ ആയതിനാൽ 15/06/2004-ലെ ജി.ഒ.(പി)നം.169/2004/പൊവിവ ഖണ്ഡിക 5(3) പ്രകാരം അംഗീകരിക്കാവുന്നതാണെന്നും, 04/06/2007 മുതലുള്ള ശ്രീമതി ജോളി എലിസബത്ത് മാത്യുവിന്റെ സ്ഥാനക്കയറ്റ ഒഴിവിലുള്ള ഹർജിക്കാരിയുടെ യു.പി.എസ്.റ്റി. നിയമനത്തിൽ 31/05/2011 വരെ ടിയാളെ ഉൾക്കൊള്ളിക്കുന്നതിന് തസ്തിക സ്ഥാപിതമാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

**5)** ശ്രീമതി സുസ്മിത നിസ്സി സുമന്റെ 06/06/2006 മുതൽ 17/10/2006 വരെയുള്ള പ്രസവാവധി ഒഴിവിലുള്ള ഹർജിക്കാരിയുടെ നിയമനം സംബന്ധിച്ച രേഖകളൊന്നുംതന്നെ നിലവിൽ ലഭ്യമായിട്ടില്ലെന്നും, അതുകൊണ്ടാണ് റിപ്പോർട്ടിൽ ഈ വിഷയം പരാമർശിക്കാതിരുന്നതെന്നും ശ്രീമതി സുസ്മിത ടി കാലയളവിൽ അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ടി കാലയളവിൽ ഒഴിവ് വ്യവസ്ഥാപിതമാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംഗ് വേളയിൽ അഭിപ്രായപ്പെട്ടു. മാത്രമല്ല, ഹർജിക്കാരിയോ മാനേജരോ ടി കാലയളവിലെ നിയമനം സംബന്ധിച്ച് രേഖകൾ ഒന്നുംതന്നെ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ ടി കാലയളവിലെ അറ്റൻഡൻസ് രജിസ്റ്റർ ലഭ്യമാക്കാമെന്ന് ഹർജിക്കാരിയും മാനേജരും അറിയിച്ചിട്ടുണ്ട്.

**6)** മേൽ സാഹചര്യത്തിൽ, ശ്രീമതി ലിജി ജോണിന്റെ 02/06/2005 മുതൽ 03/08/2005 വരെയുള്ള അവധി ഒഴിവിലെ യു.പി.എസ്.റ്റി. നിയമനവും, 05/08/2005 മുതൽ 04/10/2005 വരെയും 06/10/2005 മുതൽ 23/12/2005 വരെയുമുള്ള അവധി ഒഴിവിലെ എച്ച്.എസ്.റ്റി. നിയമനവും, ടി കാലയളവിൽ ടി ഒഴിവുകൾ വ്യവസ്ഥാപിതമാണെന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് അതിന്മേൽ തീരുമാനമെടുത്തശേഷം, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാനും;

06/06/2006 മുതൽ 17/10/2006 വരെയുള്ള ശ്രീമതി സുസ്മിത നിസ്സി സുമന്റെ പ്രസവാവധി ഒഴിവിലെ നിയമനം സംബന്ധിച്ച വ്യക്തമായ രേഖകൾ ഹാജരാക്കുന്നപക്ഷം, ടി കാലയളവിൽ ഒഴിവ് വ്യവസ്ഥാപിതമാണെന്ന് ഉറപ്പുവരുത്തി, നിയമനാംഗീകാരം നൽകുവാനും; ഹർജിക്കാരിക്ക് 04/06/2007 മുതൽ ശ്രീമതി ജോളി എലിസബത്ത് മാത്യുവിന്റെ സ്ഥാനക്കയറ്റംമൂലമുള്ള വ്യവസ്ഥാപിത ഒഴിവിലും 01/06/2010 മുതൽ ശ്രീമതി ജയ എസ്.ജി.യുടെ സ്ഥാനക്കയറ്റംമൂലമുള്ള വ്യവസ്ഥാപിത ഒഴിവിലും യു.പി.എസ്.റ്റി. ആയി നിയമനം നൽകിയെങ്കിലും ജി.ഒ.(പി)നം.199/2011/പൊവിവ തീയതി 01/10/2011 പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ മാത്രം അംഗീകരിച്ചിട്ടുള്ളതിനാലും, 04/06/2007 മുതൽ 31/05/2011 വരെ ടിയാളെ ഉൾക്കൊള്ളിക്കുന്നതിന് തസ്തിക സ്ഥാപിതമാണെന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ടിയാളുടെ മുൻകാല സർവ്വീസ് 04/06/2007 മുതൽ 31/05/2011 വരെ അംഗീകരിച്ചു നൽകുവാനുമുള്ള നടപടി സ്വീകരിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, തിരുവനന്തപുരം ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. ശ്രീമതി ലിജി ജോൺ സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

ശ്രീമതി ലിജി ജോൺ, എച്ച്.എസ്.റ്റി., ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂൾ, ഫോർട്ട്, തിരുവനന്തപുരം.
മാനേജർ, ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂൾ, ഫോർട്ട്, തിരുവനന്തപുരം.
ഹെഡ്മാസ്റ്റർ, ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂൾ, ഫോർട്ട്, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/174/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 15-04-2025 16:52:18
സെക്ഷൻ ഓഫീസർ